## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4909** 22.05.2017- ൽ മറുപടിക്ക്

## റോഡുകളുടെ വശങ്ങളിലെ സ്ഥലം ഉപയോഗപ്രദമാക്കാൻ നടപടി

**ചോദ്യം**

**ഡോ. എം.കെ മുനീർ**
**ശ്രീ. കെ.എം. ഷാജി**
**,, പാറക്കൽ അബ്ദുല്ല**
**,, പി.ബി. അബ്ദുൾ റസാക്ക്**

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിലെ റോഡുകളുടെ വശങ്ങളിൽ ഉപയോഗശൂന്യമായി കിടപ്പുള്ള പൊതുസ്ഥലം ഉപയോഗപ്രദമാക്കാനുള്ള പദ്ധതികളേതെങ്കിലും പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിൽ റോഡുകളുടെ വശങ്ങളിൽ ഉപയോഗ ശൂന്യമായി കിടപ്പുള്ള പൊതുസ്ഥലം ഉപയോഗിക്കുന്നതിന്റെ ഭാഗമായി ഈ സ്ഥലങ്ങളിൽ യാത്രക്കാർക്ക് ആധുനിക രീതിയിലുള്ള വിശ്രമകേന്ദ്രങ്ങൾ (Ashwas Public Amenities Kerala Limited) എന്ന സ്ഥാപനം മുഖേന നിർമ്മിക്കുന്നതിനും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആവശ്യമായ സ്ഥലങ്ങളൽ ബസ്ബേ നിർമ്മാണം നടത്തുന്നതിനും പദ്ധതിയുണ്ട്. ദേശീയപാത 66ർ തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം 4 വരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. ടി 4 വരിപ്പാത വികസന പദ്ധതി നടപ്പാക്കി ക്കഴിയുമ്പോൾ ദേശീയപാതയുടെ വശങ്ങളിൽ ഉപയോഗശൂന്യമായ സ്ഥലങ്ങളുണ്ടെങ്കിൽ പാർക്കിംഗ് ഏരിയ, ബസ്സ് വെയ്റ്റിംഗ് ഷെഡ്, റെസ്റ്റ് ഏരിയ മുതലായവ നിർമ്മിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യാവുന്നതാണ്. കെ.എസ്.ടി.പി-യുടെ കീഴിലുള്ള എം.സി. റോഡിന്റെയും, തൈക്കോട്ട് കഴക്കൂട്ടം റോഡിന്റെയും ഉപയോഗശൂന്യമായി കിടപ്പുള്ള പൊതുസ്ഥലം അളന്നതിട്ടപ്പെടുത്തി റോഡ് ഫണ്ട് ബോർഡിനെ ഏല്പിച്ചിട്ടുണ്ട്. ആയത് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച നടപടി റോഡ് ഫണ്ട് ബോർഡ് പരിശോധിച്ച വരുന്നു.

| | | | |
|---|---|---|---|
| (ബി) | റോഡുകളിലെ ഓടകൾ ഉൾപ്പെടെയുള്ള സ്ഥലം ശരിയായി സംരക്ഷിക്കാത്ത തിനാൽ സ്വകാര്യവ്യക്തികൾ കൈയേറി ഇവിടങ്ങളിൽ കച്ചവട സ്ഥാപനങ്ങളുൾപ്പടെ യുള്ളവ സ്ഥാപിക്കുന്നതുമൂലം കാൽനടയാത്രക്കാർക്കും വാഹനയാത്രക്കാർക്കും ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | റോഡുകളിലെ ഓടകൾ ഉൾപ്പെടെയുള്ള സ്ഥലം സ്വകാര്യവ്യക്തികൾ കൈയേറി ഇവിടങ്ങളിൽ കച്ചവട സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ സ്ഥാപിക്കുന്നതുമൂലം കാൽനടയാത്രക്കാർക്കും വാഹനയാത്ര ക്കാർക്കും അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിൽ കാൽനടയാത്ര ക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി 03.09.2016-ലെ സ.ഉ.(കൈ) നം.63/16/ പൊ.മ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് സംസ്ഥാനത്ത് കർശനമായി നടപ്പാക്കാനും കൂടാതെ പൊതുമരാമത്ത് റോഡിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്താനും അവ ഒഴിപ്പിക്കുന്നതിനുമുള്ള നിയമനടപടികൾ സ്വീകരിക്കാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകളും കേബിളുകളും നീക്കം ചെയ്യുന്നതിനും കാൽനടയാത്രക്കാർക്ക് സുരക്ഷിതയാത്രയ്ക്കുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയതായി വികസിപ്പിക്കുന്ന 4 വരിപ്പാത റോഡ് പദ്ധതികളിൽ കേബിളുകൾ, പൈപ്പുകൾ മുതലായവ സുരക്ഷിതമായി സ്ഥാപിക്കുന്ന തിനുള്ള സൗകര്യവും ചെയ്യുന്നുണ്ട്. ഇതിന് പുറമെ കാൽനടയാത്രക്കാർക്ക വേണ്ടി ഫുട്പാത്തുകളിൽ ടൈലുകൾ വിരിച്ച് സുരക്ഷിതത്വവും, മനോഹരവുമാക്കാറുണ്ട്. |
| (സി) | സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ തലങ്ങും വിലങ്ങും സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകളും കേബിളുകളും നീക്കം ചെയ്ത് ലഭ്യമായ പരമാവധി സ്ഥലം കാൽനടയാത്രയ്ക്കുൾപ്പടെ ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**